പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 30.11.2015 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 37

## തീര പരിപാലന നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. ദാസൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ)തീരപരിപാലന നിയമമനുസരിച്ച് തീരപ്രദേശങ്ങളിൽ നിർമ്മാണം നിയന്ത്രിച്ചുകൊണ്ടുള്ള വ്യവസ്ഥകളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ; | **(എ).** ഇല്ല. ഈ വിഷയത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി)തീരപ്രദേശങ്ങളിൽ നൂറ് ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വീടുകൾക്ക് നിർമ്മാണാനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | **(ബി)** ഇത്തരത്തിൽ ഒരു നിർദ്ദേശം കേരള തീരദേശപരിപാലന അതോറിറ്റി നൽകിയിട്ടില്ല |
| (സി) നിർദ്ദേശം അടങ്ങിയ ഉത്തരവിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | **(സി)** ബാധകമല്ല |
| (ഡി) തീരപരിപാലന നിയമം നിലവിലുള്ള തീരപ്രദേശങ്ങളിൽ ചെറിയ വീടുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നൽകിയ ഇളവുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? കേന്ദ്ര ഗവൺമെന്റ് ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ? | **(ഡി)** ചെറിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേക ഇളവു നൽകിക്കൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ